(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 21-5-2014-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പേപ്പാറ ഡാമിന്റെ ജലനിരപ്പ് 3 മീറ്റർ കൂടി വർദ്ധിപ്പിക്കുന്നത് തത്വത്തിൽ അംഗീകരിക്കുകയും ആയതിലേക്കുള്ള അനന്തര നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി

134 (8194) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള പദ്ധതികളാണ് 2013-14 സാമ്പത്തിക വർഷം നബാർഡിന്റെ ധനസഹായത്തിനായി വാട്ടർ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിച്ചത്. 2013-14-ൽ നബാർഡിന്റെ സെക്കൂർ അലോക്കേഷൻ പരിമിതപ്പെടുത്തിയതുകൊണ്ട് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി ഉൾപ്പെടുത്താൻ സാധിച്ചില്ല.

നബാർഡിന്റെ 2014-15-ലെ സെക്കൂർ അലോക്കേഷന് വിധേയമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നബാർഡിന്റെ ധനസഹായത്തിനു സമർപ്പിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

135 (8195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി എത്ര ഡി.പി.ആർ. വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ ?

ഉത്തരം

(എ & ബി) കേരള ജല അതോറിറ്റിയുടെ പാലക്കാട് സർക്കിളിന് കീഴിൽ കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി സമർപ്പിച്ച പദ്ധതികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതി	പുരോഗതി
(1)	(2)	(3)
1	സ്റ്റാൻ-കാരാക്കുറിശ്ശി, തച്ചമ്പാറ കുടിവെള്ള പദ്ധതി	16-2-2014-ന് പദ്ധതി കമ്മീഷൻ ചെയ്തു.
2	എ.ആർ.ഡബ്ല്യു.എസ്.എസ്-പൊറ്റശ്ശേരി I & II വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി	16-2-2014-ന് പദ്ധതി കമ്മീഷൻ ചെയ്തു.
3	എൻ.സി/പി.സി.പറളി I കുടിവെള്ള പദ്ധതി	പണി പൂർത്തീകരിച്ച് 16-9-2012-ന് പദ്ധതി പഞ്ചായത്തിന് കൈമാറി
4	എൻ.സി/പി.സി.പറളി II കുടിവെള്ള പദ്ധതി	പണി പൂർത്തീകരിച്ച് 16-9-2012-ന് പദ്ധതി പഞ്ചായത്തിന് കൈമാറി
5	എൻ.ആർ.ഡി.ഡബ്ല്യു.പി.-പൊറ്റശ്ശേരി I & II വില്ലേജുകൾക്കുള്ള വിതരണ ശൃംഖല	290 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ഉള്ളത്. ആകെ 38.5 km വിതരണ ശൃംഖലയിൽ 25 km പൂർത്തീകരിച്ചു. പദ്ധതി 3/2015-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
6	എൻ.ആർ.ഡി.ഡബ്ല്യു.പി.-കാരാക്കുറിശ്ശി, തച്ചമ്പാറ കുടിവെള്ള പദ്ധതി-വിതരണ ശൃംഖല	500 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ഉള്ളത്. ആകെ 63.25 km വിതരണ ശൃംഖലയിൽ 20 km പൈപ്പ് സ്ഥാപിച്ചു. പദ്ധതി 3/2015-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	ഞാവലിൻ കടവ് പദ്ധതി	മണ്ണൂർ പഞ്ചായത്തിന് ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഞാവലിൻ കടവ് ഉറവിടമാക്കിക്കൊണ്ട് 692 ലക്ഷം രൂപയുടെ വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് 2010-ൽ എസ്.എൽ.എസ്.എസ്-ക്ക് സമർപ്പിച്ചെങ്കിലും ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല.

മുതലമട പഞ്ചായത്തിലെ കടിവെള്ളക്ഷാമം

136 (8196) ശ്രീ. വി. ചെന്താമരക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ കുടിവെള്ളം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മുതലമട പഞ്ചായത്തിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) മുതലമട പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം ജലസ്രോതസ്സായി വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; നിലവിൽ ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ഉണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി ഭാഗികമായാണ് ശുദ്ധജല വിതരണം നടത്തുന്നത്. ഇതിൽ മീങ്കര ഡാം സ്രോതസ്സായ പദ്ധതിയിൽനിന്നും ഗോവിന്ദപുരം അംബേദ്കർ കോളനി, നീലപ്പാറ എസ്.സി. കോളനി എന്നീ പ്രദേശങ്ങളിലായി ഏകദേശം 2000 പേർക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. ഇതിനുപുറമെ നടുവൻചിറ കുഴൽക്കിണർ പദ്ധതിയിൽനിന്ന് ആ പ്രദേശത്തെ ഏകദേശം 500 പേർക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. കൂടാതെ ഉണക്കടവ് കുടിവെള്ള പദ്ധതിയിൽനിന്ന് ഉണക്കടവ് ടൈബൽ കോളനിയിലെ 500 ഓളം ജനങ്ങൾക്ക് കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly